**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1041** **18-09-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗശല്യം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ആര്യാടൻ ഷൗക്കത്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നത് വർദ്ധിച്ചുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. വന്യമൃഗ ഇടനാഴികളുടെയും വനമേഖലയുടെയും ശിഥിലീകരണം, കാലാവസ്ഥാ വ്യതിയാനം, വനമേഖലയോട് ചേർന്ന പ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം, അശാസ്ത്രീയമായ ടൂറിസം പ്രവർത്തനങ്ങൾ/റോഡ് നിർമ്മാണം തുടങ്ങിയവ, കാട്ടുതീ, ജനസാന്ദ്രത, വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, തെറ്റായ ഭൂവിനിയോഗം, വനമേഖലയോട് ചേർന്ന് കിടക്കുന്ന ഭൂപ്രദേശത്തെ കൃഷി രീതി, ഭൂപ്രദേശത്തിന്റെ കിടപ്പ്, കളസസ്യങ്ങളുടെ ആധിക്യം, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നത്, വനമേഖലയോട് ചേർന്ന് പ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ (പന്നി/കോഴി/ആട്), പരിപാലിക്കാത്ത തോട്ടങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാലാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്ന് വരുന്നത്. |
| (ബി) | വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരാതിരിക്കുന്നതിനായി വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി 10 വ്യത്യസ്ത മിഷനുകൾ നടപ്പിലാക്കാനായി 23/02/2025 ലെ സ.ഉ. (കൈ) നം.8/2025/വനം പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ഇതിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് മിഷൻ ഫുഡ് ഫോഡർ & വാട്ടർ. വനാന്തരങ്ങളിലെ കുളങ്ങളിലും ചെക്ക്ഡാമുകളിലും മറ്റ് ജലസംഭരണികളിലും ജലസംഭരണശേഷി വർദ്ധിപ്പിച്ച് വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കിയും, വനമേഖലകളിൽ പടർന്ന് പിടിച്ചിട്ടുള്ള സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും, 574 വയലുകളും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (സി) | ഇതിന്റെ ഭാഗമായി വന മേഖലകളിലുള്ള അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്യാൻ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരളത്തിലെ വിവിധ വനമേഖലകളിൽ പടർന്നു പിടിച്ചിട്ടുള്ള അധിനിവേശ സസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനുള്ള വിവിധ പദ്ധതികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന (സെന്ന) നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ പ്രവർത്തികൾ പുരോഗമിക്കുന്നുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ 1748 ഹെക്ടറിലും നോർത്ത് വയനാട് ഡിവിഷനിൽ 100 ഹെക്ടർ പ്രദേശത്തും ഇതിനോടകം മഞ്ഞക്കൊന്ന നീക്കം ചെയ്തിട്ടുള്ളതും ബാക്കിയുള്ളവ നീക്കം ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നതുമാണ്. വനത്തിനുള്ളിലെ വയലുകളിലേയും ചതുപ്പുകളിലേയും അധിനിവേശ കളസസ്യങ്ങൾ നീക്കം ചെയ്ത് പരിപാലിക്കുന്നതിന് നബാർഡ് മുഖേന ₹25 കോടി ലഭ്യമാക്കുകയും അതനുസരിച്ചുള്ള പ്രവർത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.<br>ഇത് കൂടാതെ വിവിധ സർക്കിളുകളിലായി 5585.57 ഹെക്ടർ സ്ഥലത്ത് ആവാസവ്യവസ്ഥയ്ക്ക് ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ, സെന്ന തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് പ്രസ്തുത പ്രദേശങ്ങളെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിച്ച് വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5,031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ